**<u>കരുതി വയ്ക്കലിന്റെ അടയാളങ്ങൾ .</u>**

അവസാനത്തെ പഴവും
പൊഴിച്ച്
കശുമാവ് ഒറ്റയ്ക്കായി.

അവസാനത്തെ
കശുമാവ്.
അതിന്റെ
അവസാനത്തെ
കശുമാങ്ങ.

പരിചിതമായ വന്യതയുടെ
അടയാളങ്ങളണിഞ്ഞ
ഒരു മേഘം
കശുമാവിനെ തൊട്ട്
കടന്നു വന്നു.

എന്നെ ഇക്കിളിപ്പെടുത്തി.

കാറ്റിൽ ഉലഞ്ഞ ചില്ലയെ
വിരലുകൾക്കുള്ളിൽ കുടുക്കി
വലിച്ചു നോക്കി.

മെലിഞ്ഞ വിരലുകൾ പോലെ
മരച്ചില്ലയുടെ അഗ്രങ്ങൾ.

മുത്തശ്ശനെ ഓർത്തു.

മെലിഞ്ഞ വിരലുകൾക്കുള്ളിൽ
അതിലും മെലിഞ്ഞ
എന്റെ വിരലുകൾ.

വൃശ്ചികമാസത്തിലെ
സൂര്യനു നേരെ
തലതാഴ്ത്തി ഞങ്ങൾ

ലുങ്കികളിൽ സ്വയമൊളിച്ച
രണ്ട് ഉടലുകൾ
രണ്ടു കശുമാങ്ങകൾ;
ഞങ്ങളുടെ നിഴലുകൾ

എന്റെ ചെറിയ വിരലുകളെ
പുതയ്ക്കുന്നു മുത്തശ്ശന്റെ വിരലുകൾ.

മണ്ണിനോടുള്ള പ്യപ്പിതാക്കളുടെ

പ്രണയത്തിന്നടയാളം
ഈ കശുമാവുകൾ
നേരം തെറ്റിയതറിയാതെ
കായ്ച്ചു നിൽക്കുന്നു ചുറ്റിലും.

അലിഞ്ഞു തീരുന്നു
പ്രകാശം ശബ്ദം പ്രണയം

പറങ്കിമാവിന്റെ വേരുകളിൽ
ഊർന്നു വീഴുന്നു
ഞങ്ങളുടെ കുട്ടിത്തം.

ശിരസ്സ് പിഴുതു മാറ്റപ്പെട്ട
ഉടലുകളായി ചിതറിക്കിടക്കുന്നു
കശുമാങ്ങകൾ.

ഒറ്റമുറിയുടെ ഏകാന്തത നിറച്ച്,
അതിലേറെ ഒറ്റയായ മുത്തശ്ശൻ .

മണ്ണിലേക്ക് കണ്ണേറിയുന്നു
കശുമാങ്ങകളുടെ സായന്തനം
അവയ്ക്കിടയിൽ
മണ്ണിലേക്ക് കാൽവിരൽ ചൂണ്ടി
മറ്റൊരു പഴമായി മുത്തശ്ശൻ
കണ്ണുകൾ
ഇറുന്നു വീഴാനായുന്ന
രണ്ടു കശുവണ്ടികൾ .

അപരിചിതമായ വന്യതയോടെ കാറ്റ്
ഒഴിഞ്ഞ ചില്ലയെ തൊട്ടു.
കുട്ടിയിലേക്ക് തിരിച്ചുപോവാൻ
കഴിയാത്തതിനാൽ ആവണം
കരയാൻ തോന്നി എനിക്കന്നേരം.

---

\ ഷ് \ ക്സ് \ \ \ \
\ \